# ക്രിസ്തുവിൻറെ കഷ്ടതകളുടെ കൂട്ടായ്മ

സാക് പുന്നൻ

WFTW 17 ജൂലൈ 2016

കൊലൊ 1:24 ൽ പൗലൊസ് പറയുന്നു, ' ക്രിസ്തുവിൻറെ കഷ്ടതകളിൽ കുറവുള്ളത് സഭയാകുന്ന അവിടുത്തെ ശരീരത്തിനുവേണ്ടി എൻറെ ശരീരത്തിൽ പൂർത്തിയാക്കുന്നു'

ക്രിസ്തുവിൻറെ കഷ്ടതകളിൽ കുറവായുള്ളത് എന്താണ്?അവിടുന്ന് ക്രൂശിൽ വച്ച് സകലവും നിവൃത്തിയായി എന്നു പറഞ്ഞതല്ലെ? ഇവിടെ ഒരു വലിയ സത്യമുണ്ട് യേശുവിൻറെ ശാരീരിക കഷ്ടതകളെ കുറിച്ച് നാം സുവിശേഷങ്ങളിൽ വായിക്കുന്നുണ്ട്.ക്രൂശിൽ കിടന്നു കൊണ്ട് 'സകലവും നിവൃത്തിയായി എന്ന് അവിടുന്നു പറഞ്ഞപ്പോൾ, മനുഷ്യൻറെ പാപത്തിൻറെ മറു വില കൊടുത്തു തീർക്കുക മാത്രമല്ല അവിടുന്നു ചെയ്തത്, ഏതു മനുഷ്യനും എക്കാലവും നേരിടേണ്ടിയിരുന്ന സകലവിധ പ്രലോഭനങ്ങളെയും ജയിക്കുന്ന കാര്യവും അവിടുന്ന് നീ വൃത്തിയാക്കി. അവിടുന്ന് സകലത്തിലും നമ്മെ പോലെ തന്നെ പരീക്ഷിക്കപ്പെടുകയും ജയിക്കുകയൂം ചെയ്തിട്ടുള്ളവനാണ് (എബ്രാ 4:15).

ഓരോ പ്രലോഭനത്തിലും ഒന്നുകിൽ അതിനുവഴങ്ങിയിട്ട് സുഖത്തിൻറെ മാർഗ്ഗം തിരഞ്ഞെടുക്കുവാൻ അല്ലെങ്കിൽ അതിനോടെതിർത്തു നിന്ന് കഷ്ടതയുടെ മാർഗ്ഗം (സുഖത്തിൻറെ വിപരീതം) തിരഞ്ഞെടുക്കാൻ ഉള്ള അവകാശം നമുക്കുണ്ട്. യേശു നിരന്തരമായി കഷ്ഠതയുടെ മാർഗ്ഗം തിരഞ്ഞെടുക്കുകയും 'ജഡത്തിൽ കഷ്ടം അനുഭവിക്കുകയൂം ചെയ്തു' (1 പത്രോ 4:1). അങ്ങനെ അവിടുന്ന് നമ്മുടെ മുന്നോടിയായി തീർന്നു. ഇപ്പോൾ നാം അവിടുത്തെ കാൽ ചുവടുകൾ പിൻമാറ്റി മറ്റുള്ളവർക്ക് ചെറിയ മുന്നോടികൾ ആയിതീരണം. നാം പാപം ചെയ്യാൻ പ്രലോഭിപ്പിക്കപ്പെടുമ്പോൾ യേശു കടന്നു പോയ ജഡത്തിൽ കഷ്ടമനുഭവിക്കുന്ന അതെ മാർഗ്ഗം തിരഞ്ഞെടുക്കുന്നതിലേക്ക് പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നു. കൊലൊ 1:24 ൽ പൗലൊസ് പറയുന്നത്, തൻറെ ജീവിതത്തിൽ (പ്രലോഭനങ്ങളിൽ) ഇതുവരെ യേശു പൂർത്തീകരിച്ച എല്ലാ കഷ്ടതകളും തനിക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ്.

യേശുവും ബാഹ്യമായി പല വിധത്തിൽ കഷ്ടതകൾ അനുഭവിച്ചു കാരണം അവിടുന്ന് സത്യത്തിനു വേണ്ടി നിലകൊണ്ട് കഷ്ടതയെ പ്രതിനിധാനം ചെയ്യുന്നതിന് നിങ്ങൾ ഒരു ാസ് എടുക്കുക യാണെങ്കിൽ, യേശുവിൻറെ കാര്യത്തിൽ, തൻറെ ജീവിതകാലത്ത് കടന്നു പോകാൻ അവിടുന്ന് തിരഞ്ഞെടുത്ത എല്ലാ കഷ്ടതകളും ആ ാസ്സിനെ പൂർണ്ണമായി നിറച്ചു. അന്തിമമായി ക്രൂശിൽ വച്ച് അവിടുന്നു പറഞ്ഞു ' സകലവും നിവൃത്തിയായി' ഇപ്പോൾ നാം യേശുവിൻറെ കാൽ ചുവടുകളെ പിൻതുടരുന്നു, അവിടുത്തേക്ക് ഉണ്ടായിരുന്നതുപോലെ നമുക്കും ഒരു ശരീരം ഉണ്ട്. പരിശുദ്ധാത്മാവ് അതേ പ്രവർത്തി നമ്മിലും ചെയ്യേണ്ടിയിരിക്കുന്നു ആ ാസ് നിറയ്ക്കുന്ന പ്രവൃത്തി നാം വീണ്ടും ജനിക്കുന്ന സമയത്ത്, നമ്മുടെ ാസ്സ് ശൂന്യമാണ് കാരണം നാം അപ്പോൾ ക്രിസ്തുവിനുവേണ്ടി കഷ്ടതകൾ ഒന്നും സഹിച്ചിട്ടില്ല. കാലം കടന്നുപോകുന്തോറും, ക്രമേണ ക്രിസ്തുവിനു വേണ്ടി നാം സഹിക്കുന്ന കഷ്ടതകളാൽ ഈ ാസ് നിറയാൻ തുടങ്ങുന്നു ഭൂമിയിൽ ആയിരുന്നപ്പോൾ കഷ്ടത സഹിച്ചവനായ ഇതേ ക്രിസ്തു ഇന്ന് നമ്മിൽ വസിച്ചുകൊണ്ട് അവിടുന്ന് കടന്നുപോയ അതേ കഷ്ടതകളിൽ കൂടി നമ്മെ കടത്തി കൊണ്ട്പോകാൻ ആഗ്രഹിക്കുന്നു, എന്നാൽ ഇപ്പോൾ നമ്മുടെ ശരീരത്തിലാണ് ദാസൻ യജമാനന് മീതെയുള്ളവനല്ല.

അവിടുത്തെ എല്ലാ കഷ്ടതകളും ഇപ്പോൾ നമ്മുടെ ശരീരത്തിൽ പൂർത്തികരിക്കപ്പെടണം അത് വാസ്തവത്തിൽ ഒരു പ്രത്യേക അവകാശമാണ് പൗലൊസ് പറയുന്നത് അദ്ദേഹത്തിൻറെ ാസ്സ്

ഇതുവരെ നിറഞ്ഞിട്ടില്ല എന്നാണ്. തങ്ങൾ ഏതെങ്കിലും കഷ്ടതയിലൂടെ കടന്നു പോകുമ്പോൾ അവർ ക്രിസ്തുവിൻറെ കഷ്ടതകളിൽ പങ്കാളികളാകുകയാണെന്ന് അനേക ക്രിസ്ത്യാനികളും മനസ്സിലാക്കുന്നില്ല. നാം ഏതെങ്കിലും മറയത്തരങ്ങളോ പാപകരമായ കാര്യങ്ങളോ ചെയ്തതു മൂലമുണ്ടാകുന്ന കഷ്ടതകളെ കുറിച്ചല്ല ഞാൻ സംസാരിക്കുന്ന യേശൂ ഒരിക്കലും പാപകരമോ മറയത്തരമോ ആയ കാര്യങ്ങളൊന്നും ചെയ്തില്ല അവിടുത്തെ ജീവിതരീതീ തീർത്തും ഈ ലോകത്തിന് വിരുദ്ധമായിരുന്നതിനാലാണ് അവിടുന്ന് കഷ്ടതകൾ അനുഭവിച്ചത്. അവിടുത്തെ മുഴുവൻ ശുശ്രൂഷയും തൻറെ കാലത്തുണ്ടായിരുന്ന വേദപണ്ഡിതന്മാരും വേദജ്ഞന്മരുമായി നിരന്തരം പോരാട്ടത്തിലായിരുന്നു. അവർ അവിടുത്തെ വെറുക്കുകയും ഒടുവിൽ അവിടുത്തെ കൊല്ലുകയും ചെയ്തു.

ഇന്നും അത് അങ്ങനെ തന്നെയാണ് നാം ക്രിസ്തുവിൻറെ യഥാർത്ഥ ശിഷ്യൻമാരാണെങ്കിൽ ഈ ലോകത്തിൻറെ എല്ലാം മതപരമായ വ്യവസ്ഥിതികളുമായും ക്രിസ്തീയ വേദശാസ്ത്രമെന്നും മതമെന്നും വിളിക്കപ്പെടുന്ന സകലരുമായും നിരന്തരമായി നാം പോരാട്ടത്തിലാണെന്ന് നമ്മെ തന്നെ കണ്ടെത്തും ദൈവത്തെ അറിയാത്ത മതഭക്തരായിരുന്ന ആളുകളോട് യേശു ചെയ്തതുപോലെ തന്നെ നാമും പോരാട്ടത്തിലാണെന്ന് നാം നമ്മെ തന്നെ കണ്ടെത്തും യേശുവിനെ 'ബെയെത്സബൂൽ' എന്ന് വിളിച്ചത് ആരാണ്? അവർ ഗ്രീക്ക്കാരോ റോമാക്കാരോ ആയിരുന്നില്ല ഒരു ദേവ പുസ്തകം (അന്നത്തെ പഴയനിയമം) ഉള്ള ആളുകൾ ആയിരുന്നു. യേശുവിനെ ഏറ്റവും കൂടുതൽ ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്തത് ആരായിരുന്നു? വേദ പുസ്തകവും കൊണ്ടു നടക്കുന്ന മതഭക്തരയ ആളുകളായിരുന്നു. അതുകൊണ്ട് നാം ക്രിസ്തുവിൻറെ കഷ്ടങ്ങൾ പൂരിപ്പിക്കാൻ പോകുകയാണെങ്കിൽ വേദപുസ്തകമുള്ള മത ഭക്തരായ ആളുകൾ നമ്മെയും ഉപദ്രവിക്കുന്നതായി നാം മനസ്സിലാക്കും, കാരണം അവർ ദൈവത്തെ അറിയുന്നില്ല. യേശു പറഞ്ഞു അവർ അവിടുത്തെ വെറുക്കുകയും കൊല്ലുകയും ചെയ്തത് അവർ തൻറെ പിതാവിനെ അറിയാത്തതിനാലാണ് അവർ നമ്മോടും അതേകാര്യം തന്നെ ചെയ്യും.

പൗലൊസ് ഇപ്രകാരം പറയുന്നു' ഈ കഷ്ടതകളിലെല്ലാം ഞാൻ സന്തോഷിക്കുന്നു, കാരണം ഞാൻ എൻറെ പങ്ക് നിർവ്വഹിക്കുകയാണ്' ക്രിസ്തുവിൻറെ ഈ ശരീരമാകുന്ന സഭയ്ക്കു വേണ്ടി നമ്മുക്കോരോരുത്തർക്കും ഒരു പങ്കുണ്ട്. യേശു ആദ്യം അവിടുത്തെ ഭൗതീക ശരീരത്തിൽ കഷ്ടത അനുഭവിച്ചു. ഇപ്പോൾ അവിടുത്തെ ആത്മീകശരീരമായ സഭയിൽ അവിടുന്ന് കഷ്ടം അനുഭവിക്കേണ്ടതുണ്ട്. ഈ കഷ്ടതകളിൽ നിങ്ങൾക്ക് നിങ്ങളുടെ പങ്കുണ്ട് എനിക്ക് എൻറെതുമുണ്ട് നിങ്ങളുടെ പങ്ക് നിറവേറ്റാൻ എനിക്ക് കഴിയുകയില്ല എൻറേത് പൂർത്തീകരിക്കാൻ നിങ്ങൾക്കും കഴിയുകയില്ല. നിങ്ങൾ ചില കഷ്ടതയിൽ കൂടി കടന്നു പോകുമ്പോൾ നിങ്ങൾക്കുവേണ്ടി വിശ്വസ്തനാകുവാൻ എനിക്ക് കഴിയുകയില്ല. നിങ്ങൾ യേശുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നതുകൊണ്ട് നിങ്ങളുടെ ബന്ധുക്കളോ, അയൽക്കാരോ നിങ്ങലെ ഉപദ്രവിക്കുന്നതു മൂലമോ നിങ്ങൾ പീഡിപ്പിക്കപ്പെട്ട് വീട്ടിൽ നിന്ന് പുറന്തള്ളപ്പെടുന്നതു മൂലമൊ നിങ്ങൾ കഷ്ടത അനുഭവിക്കുമ്പോൾ നിങ്ങൽ തന്നെ വിശ്വസ്തരായിരിക്കണം ഇതെല്ലാം ക്രിസ്തുവിൻറെ കഷ്ടതകളുടെ ഭാഗമാണ്. ആ സമയത്ത് സന്തോഷിച്ചുല്ലസിച്ചു കൊണ്ട് ഇങ്ങനെ പറയുക, ' കർത്താവെ, അങ്ങയുടെ ശരീരമാകുന്ന സഭയ്ക്കു വേണ്ടിയുള്ള അങ്ങയുടെ കഷ്ടങ്ങളിൽ ഒരു ചെറിയ ഭാഗം പൂരിപ്പിക്കുവാനുള്ള വിശേഷഭാഗ്യം എനിക്കു നൽകിയതിനായി നന്ദി'. അങ്ങനെയാണ് മറ്റുള്ളവർക്കായി നമുക്കൊരു ശ്യശ്രൂഷ ഉണ്ടാകുന്നത് അങ്ങനെയാണ് നമ്മുക്ക് സഭ പണിയാൻ കഴിയുന്നതും. അതു കൊണ്ടാണ് ഇതിനെ 'ക്രിസ്തുവിൻറെ കഷ്ടതകളുടെ കൂട്ടായ്മ' എന്നു വിളിക്കുന്നത്. ക്രിസ്തു അവിടുത്തെ കഷ്ടതകളിലൂടെ തനിക്ക് വേണ്ടി തന്നെ ഒന്നും നേടിയില്ല എന്നാൽ നാം വളരെയധികം നേടി നാം ക്രിസ്തുവിൻറെ കഷ്ടതകളുമായി കൂട്ടായ്മയിലാകുമ്പോൾ നാം നമുക്ക് വേണ്ടി അതിൽ നിന്ന് ഒന്നും നേടുന്നില്ല. അതു സഭയ്ക്കു വേണ്ടിയാണ്. നിങ്ങളുടെ

കഷ്ടങ്ങളിലൂടെ മറ്റുള്ളവർ നേടും അതിനു നിങ്ങൾ മനസ്സുള്ളവരാണോ? നാം ഇപ്രകാരം പറയണമെന്ന് ഞാൻ പ്രത്യാശിക്കുന്നു 'അതെ കർത്താവെ എനിക്കു മനസ്സാണ് അങ്ങയുടെ മനസ്സുമായും അവിടുത്തെ ആത്മാവുമായും അവിടുത്തെ മനോഭാവവുമായും എനിക്ക് കൂട്ടായ്മയിലാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു എൻറെ കഷ്ടതയിലൂടെ മറ്റുള്ളവർ എന്തെങ്കിലും നേടേണ്ടതിനായി കഷ്ടത സഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു'.

കരിമ്പ് ചക്കിൽ ചതയ്ക്കപ്പെടുന്നത് എങ്ങനെയാണെന്ന് നിങ്ങൾ കണ്ടിട്ടുണ്ടോ? അവർ ആ കരിമ്പ് കോൽ ചക്കിലിട്ട് ചതയ്ക്കുന്നു. അപ്പോൾ അതിൻറെ നീർ പുറത്തു വരുന്നു ഇതു കുറച്ചു പ്രാവശ്യം ചെയ്തു കഴിയുമ്പോൾ ഒരുവൻ ചിന്തിച്ചേക്കാം ആ കമ്പുകളിൽ നിന്ന് നീർ മുഴുവൻ പുറത്തു വന്നു കഴിഞ്ഞു എന്ന്. എന്നാൽ അങ്ങനെ അല്ല, അവർ അത് വീണ്ടും ഇടുന്നു അപ്പോൾ കുറച്ച് നീർ കൂടി പുറത്ത് വരുന്നു ആരുടെ പ്രയോജനത്തിനുവേണ്ടിയാണ് അത് ചതയ്ക്കപ്പെടുന്നത്? മറ്റാർക്കോ കുടിക്കുവാൻ വേണ്ടി അങ്ങനെയാണ് ദൈവം നമ്മെയും മറ്റുള്ളവർക്ക് ഒരനുഗ്രഹമാക്കി തീർക്കുന്നത്. ജീവിതത്തിൻറെ സാഹചര്യങ്ങളിലും ശോധനകളിലും നാം ചതയ്ക്കപ്പെടുകയും ഞെക്കി പിഴിയപ്പെടുകയും ചെയ്യുന്നു, അപ്പോൾ നാം നമ്മെതന്നെ താഴ്ത്തി അവയെ സന്തോഷത്തോടെ സ്വീകരിക്കുകയും ആ ചതയ്ക്കലിൽ നിന്ന് ശോഭയും സൗന്ദര്യവും, ക്രിസ്തുവിൻറെ സൗരഭ്യവും പുറത്തു വരികയും ചെയ്യുന്നു. നാം മറ്റുള്ളവർക്ക് ഒരനുഗ്രഹമായിതീരുവാൻ കഴിയുന്ന ഏകമാർഗ്ഗം അതു മാത്രമാണ്.